# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: രജിസ്ട്രാറുടെ അധികാരങ്ങൾ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ III-ന് താൽക്കാലികമായി ഡെലിഗേറ്റ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 7294/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 09.10.2018

സൂചന:- (1) സർവ്വകലാശാല ഉത്തരവ് നമ്പർ 4721/എ1/2/2017/ഭരണവിഭാഗം തീയതി 02.08.2017.
(2) സർവ്വകലാശാല ഉത്തരവ് നം. 6510/എ1/2/2018/ഭരണവിഭാഗം തീയതി 06.09.2018
(3) സർവ്വകലാശാല ഉത്തരവ് നം. 6667/എ1/2/2018/ഭരണവിഭാഗം തീയതി 12.09.2018
(4) 04.10.2018-ലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ രജി/3/518/2018, വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ ഉത്തരവ് സഹിതം.

## ഉത്തരവ്

സൂചന (1) സർവ്വകലാശാല ഉത്തരവ് പ്രകാരം, ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ I, ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ II എന്നിവർക്ക് താൽക്കാലികമായി ഡെലിഗേറ്റ് ചെയ്തുനൽകിയിട്ടുള്ളതുപോലെ രജിസ്ട്രാറുടെ അധികാരങ്ങൾ, ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ III-ന് നൽകിക്കൊണ്ട് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ സൂചന (4) പ്രകാരം ഉത്തരവായിരിക്കുന്നു. ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ III-ന്റെ കീഴിൽ വരുന്ന സെക്ഷനുകളിലെ, വൈസ് ചാൻസിലറുടെ ഉത്തരവ് ആവശ്യമായ, നിയമപരമായി അനുവദിക്കാവുന്ന ഫയലുകൾ രജിസ്ട്രാറുടെ ഓഫീസിൽ രേഖപ്പെടുത്തി യതിനുശേഷം രജിസ്ട്രാറുടെ ഓഫീസ് വഴി നേരിട്ട് വൈസ് ചാൻസിലർക്ക് സമർപ്പിക്കേണ്ടതാണ്.

സൂചന (3) പ്രകാരം ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ II-ന് നൽകിയിട്ടുള്ള അധികാരങ്ങളിൽ, ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ III-ന്റെ കീഴിൽ വരുന്ന സെക്ഷനുകളിൽ നിന്നും അനുവാദത്തിന് സമർപ്പിക്കുന്ന സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ, ജെ.ആർ.എഫ്. തുടങ്ങിയവ അനുവദിക്കുന്നതിന് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ III-നെ ചുമതലപ്പെടുത്തുന്നു. എന്നാൽ അക്കാദമിക് സെക്ഷനുകളിൽ നിന്നുള്ള സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ, ജെ.ആർ.എഫ്. തുടങ്ങിയവ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ II അനുവദിക്കേണ്ടതാണ്.

സൂചന (3) സർവ്വകലാശാല ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീരാജ് ആർ.
ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമിക് വിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ / പൂൾ ഓഫീസർ (ഭരണവിഭാഗം)
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ: എഡി.എ1-2-30/2014

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം